LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ, ഇന്റർനെറ്റ്, ഫേസ് ബുക്ക് എന്നിവയിലൂടെ സൈബർ കുറ്റകൃത്യങ്ങൾ

199 (3833) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗം, ഇന്റർനെറ്റ് ദുരുപയോഗം, ഫേസ് ബുക്കിലെ വ്യാജ പ്രൊഫൈൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗൗരവകരമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഇവയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് 1140 കേസുകളും, ഇന്റർനെറ്റ് ദുരപയോഗവുമായി ബന്ധപ്പെട്ട് 682 കേസുകളും ഫേസ് ബുക്കിലെ വ്യാജ പ്രൊഫൈലുമായി ബന്ധപ്പെട്ട് 362 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗൗരവകരമായ 32 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇവയിൽ 10 എണ്ണത്തിന് കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

അനധികൃത മണൽ വാരലും മണൽ കടത്തുമായി ബന്ധപ്പെട്ട കേസുകൾ

200 (3834) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷന്റെ കീഴിലുള്ള വിവിധ സ്റ്റേഷനുകളിൽ അനധികൃത മണൽ വാരലും മണൽ കടത്തുമായി ബന്ധപ്പെട്ട് 2011 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം എത്രയാണെന്ന വിവരം സ്റ്റേഷൻ തിരിച്ച് ക്രൈം നമ്പർ സഹിതം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷന്റെ കീഴിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ മണൽ വാരലുമായി ബന്ധപ്പെട്ട് 524 കേസുകളും മണൽ കടത്തുമായി ബന്ധപ്പെട്ട് 611 കേസുകളും 2011 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളുടെ പോലീസ് സ്റ്റേഷൻ തിരിച്ച് ക്രൈം നമ്പർ സഹിതമുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷന്റെ നിയമപരമായ സാധുത

201 (3835)ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വഞ്ചനാ കേസിൽ പരസ്യാന്വേഷണത്തിന് നിയമം അനുവദിക്കുന്നുണ്ടോ ;

(ബി) സോളാർ സംഭവം സ്വകാര്യവ്യക്തികൾ തമ്മിലുള്ള വഞ്ചനാകേസ് മാത്രമാണെന്ന് കാട്ടി സോളാർ കമ്മീഷന് മുന്നിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ;

(സി) അങ്ങനെയെങ്കിൽ സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷന് നിയമപരമായ സാധുത ഉണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വഞ്ചനാകേസ് കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 415 മുതൽ 420 വരെയുള്ള വകുപ്പുകൾ പ്രകാരം ക്രിമിനൽ നടപടി സംഹിതയിലെ ക്രമങ്ങൾ അനുസരിച്ചാണ്.

(ബി) സർക്കാരിനുവേണ്ടി സത്യവാങ്മൂലങ്ങളൊന്നുംതന്നെ കമ്മീഷനുമുന്നിൽ സമർപ്പിച്ചിട്ടില്ല.

(സി) 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയമായി ഒരു വിഷയത്തെ സർക്കാരിനു ബോദ്ധ്യപ്പെട്ടാൽ ആയത് അന്വേഷിക്കുവാൻ ഒരു കമ്മീഷനെ നിയോഗിക്കുവാൻ സർക്കാരിന് അധികാരമുണ്ട്.